**കൈത്താക്കാലം നാലാം ഞായർ - 2016 ജൂലൈ 24**

(മർക്കോ. 7: 1-13)

**വചനസന്ദേശം: റവ.ഫാ. തോമസ് പെരേപ്പാടൻ**

ജീവിതത്തിന് അടുക്കും ചിട്ടയും ഉണ്ടാകണം. ദൈവ-മനുഷ്യ-പ്രകൃതി ബന്ധങ്ങൾ കൂടുതൽ ദൃഢമാകണം. അതിനാണു നിയമങ്ങളും കല്പനകളും. ഒരു കാലത്തു ശക്തമായിരുന്ന നിയമങ്ങൾ പിന്നീടു കാലഹരണപ്പെട്ടെന്നു വരാം. മാനുഷികനിയമങ്ങൾ എല്ലാക്കാലത്തും എല്ലാ നാട്ടിലും ഒരുപോലെ പ്രയോജനകരമാകില്ല. കാലാനുസൃതം മാറ്റം വേണ്ടിവരും. ദൈവികനിയമങ്ങൾക്ക് ഈ സ്ഥലകാലവ്യതിയാനം പാടില്ല. എന്നും എവിടെയും ഒരുപോലെ പാലിക്കപ്പെടേണ്ടവയാണവ. മാറ്റത്തിനു വിധേയമാകാൻ കഴിയാത്തവ. സീനായ് മലമുകളിൽവച്ചു യാഹ്‌വേ മോശയ്ക്കു നല്കിയ ദൈവപ്രമാണങ്ങളേക്കാൾ തങ്ങൾ രൂപം നല്കിയ മാനുഷികനിയമങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന ഫരിസേയ ശൈലിയെ അടിമുടി യേശു വിമർശിക്കുന്ന വചനഭാഗമാണു മർക്കോസിന്റെ സുവിശേഷം ഏഴാം അദ്ധ്യായം 1 മുതലുള്ള വാക്യങ്ങൾ.

നിയമജ്ഞരും ഫരിസേയരും യേശുവിന്റെ ചുറ്റും കൂടി. ഏതെങ്കിലും നിയമലംഘനം കണ്ടെത്താനാണ് അവർ യേശുവിന്റെ ചുറ്റും കൂടിയത്. യഹൂദ പാരമ്പര്യത്തിനു വിപരീതമായി കൈ കഴുകാതെ ശിഷ്യന്മാർ ഭക്ഷണം കഴിക്കുന്നതു കണ്ടത്. ഉടനെ ചോദ്യം. എന്തുകൊണ്ടു പാരമ്പര്യം ലംഘിക്കുന്നു. എന്തുകൊണ്ടാണു ലംഘിച്ചതെന്നു യേശു പറഞ്ഞില്ല. മറിച്ച് ഇത്തരം നിസ്സാര കാര്യങ്ങളിൽ എന്തിനിത്ര കടുപ്പം എന്നു മാത്രം സൂചന. ഏശയ്യായുടെ പ്രവചനഭാഗം ഉദ്ധരിച്ചുകൊണ്ട് അവരുടെ വക്രബുദ്ധിക്കു യേശു തടയിട്ടു. "നിങ്ങൾ അധരംകൊണ്ടു മാത്രം എന്നെ ആരാധിക്കുന്നു. നിങ്ങളുടെ ഹൃദയം എന്നിൽ നിന്നും ഏറെ ദൂരെയാണ്." മനഃപാഠമാക്കിയ മാനുഷിക നിയമങ്ങൾ പാലിക്കാൻ വേണ്ടി പലപ്പോഴും ദൈവപ്രമാണങ്ങളെ നിങ്ങൾ നിരർത്ഥകമാക്കുന്നു.

ഓട്ടുപാത്രങ്ങളുടെ പുറം വൃത്തിയാക്കാനാണു നിയമം. അകം എപ്രകാരമായാലും പ്രശ്നമില്ല. നാലു പേരെ കാണിക്കാൻ പുറം എപ്പോഴും വൃത്തിയായിരിക്കണം. ഏശയ്യായുടെ പ്രവചനം ഇന്ന് ഏറെ പ്രസക്തമായിരിക്കുന്നു. അധരംകൊണ്ടു മാത്രം ദൈവത്തെ സ്തുതിക്കുവാനാണു താത്പര്യം. പാട്ട്, പ്രസംഗം, ധ്യാനങ്ങൾ, കൺവെൻഷനുകൾ എല്ലാം തകൃതിയായി നടക്കുന്നു. എന്നാൽ മനുഷ്യന്റെ വേദനകളിലേക്കു കടന്നുചെല്ലാനോ ആശ്വാസത്തിന്റെ തൈലം പുരട്ടാനോ തീരെ താത്പര്യമില്ലാത്ത അവസ്ഥ. കരുണ കാണിക്കേണ്ടിടത്തു പാരമ്പര്യം പറഞ്ഞ് ഒഴിഞ്ഞുമാറുന്ന ശൈലി. പാവപ്പെട്ടവരെ ഓടിക്കാൻ മാമൂലുകളെ കൂട്ടുപിടിക്കാൻ താത്പര്യം. കഴിവിനൊത്തു സഹായിക്കാനല്ല, മറിച്ച് ഒഴിവാക്കാനുള്ള വഴി തേടുന്നവരുടെ സംഖ്യ കൂടുന്നു.

മാതാപിതാക്കളെ ബഹുമാനിക്കണം. അല്ലെങ്കിൽ അവർ മരിക്കണം എന്ന ദൈവപ്രമാണം നിലനില്ക്കേ മാതാപിതാക്കളെ വെറും നേർച്ചയാക്കി മാറ്റുന്ന ഫരിസേയ ശൈലി. നേർച്ചയാണിവർ എന്നു പ്രഖ്യാപിച്ചാൽ പിന്നെ അവർക്കുവേണ്ടി ഒന്നും ചെയ്യേണ്ടിവരില്ല. എന്തെങ്കിലും ചെയ്യാൻപോലും നിയമം അനുവദിക്കുന്നില്ല. മനുഷ്യനെ വലയ്ക്കുന്ന പാരമ്പര്യങ്ങളും മാമൂലുകളും ഇന്നും എവിടെയും പത്തി വിരിക്കുന്നു. അതിനോടുള്ള കടുത്ത എതിർപ്പാണു യേശു പ്രകടിപ്പിച്ചത്. വർഷങ്ങളായി ഇതാണ് ഇവിടത്തെ പാരമ്പര്യം. ഇന്ന് ഇതിനു പ്രസക്തിയുണ്ടോ എന്നൊന്നും നോക്കാൻ നേരമില്ല. എന്തു വില കൊടുത്തും ഞങ്ങൾ ഇവ പാലിക്കാൻ നിർബന്ധിക്കുന്നു. റോഡ് നിറഞ്ഞുള്ള തിരുനാൾ പ്രദക്ഷിണമായിരുന്നു ഒരുകാലത്ത്. ഇന്നു കാലം മാറി. റോഡിൽ തിരക്കായി. ചെറിയൊരു പ്രശ്നം മതി ആകമാനം ബ്ലോക്ക്. പ്രദക്ഷിണ വഴി ആരുടെയും വഴിമുടക്കിയല്ല, വഴി കൊടുക്കലാകണം. അതു പള്ളിക്കു ചുറ്റും മതിയെന്ന് ഇടവകജനം തീരുമാനിക്കുമ്പോൾ - സഹോദരനോടു സ്നേഹം കാണിക്കാൻ തയ്യാറെടുക്കുമ്പോൾ തിരുനാൾ അനുഗ്രഹമാകും.

ഈ കാരുണ്യവർഷത്തിൽ ദൈവപ്രമാണങ്ങൾക്കു കൂടുതൽ ശക്തി പകർന്നു മാനുഷികനിയമങ്ങളെ മനുഷ്യനന്മയ്ക്കും കാരുണ്യത്തിനുമായി ഉപയോഗപ്പെടുത്താമെന്നു നമുക്കു തീരുമാനിക്കാം. പുറം അല്ല, അകമാണു കഴുകേണ്ടത് എന്ന സത്യം മനസ്സിലാക്കാനും എന്നും അകം കഴുകി വൃത്തിയാക്കി ദൈവത്തിനും മനുഷ്യനും പ്രകൃതിക്കും ഉപകാരപ്രദമായ വിധം ജീവിക്കാൻ ശ്രമിക്കാം.